പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ- 594 23/05/2017-ലെ മറുപടിയ്ക്ക്

## രാഷ്ട്രീയ കൃഷി വികാസ് യോജന

**ചോദ്യം**

**ശ്രീ.കെ. ആന്റണി ജോൺ**
**പ്രൊഫ.കെ.യു. അരുണൻ**
**ശ്രീ. കാരാട്ട് റസാഖ്**
**ശ്രീ.കെ. ബാബു**

**ഉത്തരം**

**ശ്രീ.വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാർഷിക മേഖലയുടെ വികസനത്തിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ചുവടെ ചേർത്തിരിക്കുന്ന വിവിധ കേന്ദ്ര പദ്ധതികളിലൂടെയുള്ള സാമ്പത്തിക സഹായമാണ് കാർഷിക മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ നൽകിവരുന്നത്.<br>**50% കേന്ദ്രാവിഷ്കൃത പദ്ധതികൾ** - നാളികേര വികസന ബോർഡ് പദ്ധതി (CDB)<br>**60% കേന്ദ്രാവിഷ്കൃത പദ്ധതികൾ**<br>i. നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി (MIDH)<br>ii. ദേശീയ ഔഷധ സസ്യമിഷൻ (എൻ.എം.എം.പി)<br>iii. ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ - നെല്ല് പയർ (NFSM)<br>iv. വൃഷ്ടി പ്രദേശ വികസനം (റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്)(RAD)<br>v. നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് ആന്റ് ഓയിൽ പാം-(NMOOP)<br>vi. ആത്മ പദ്ധതി- (SMAE)<br>vii. സോയിൽ ഹെൽത്ത് കാർഡ് & സോയിൽ ഹെൽത്ത് മാനേജ്മെന്റ്- (SHC & SHM) |

| | | | |
|---|---|---|---|
| | | | viii. പാരമ്പരാഗത കൃഷി വികാസ് യോജന-(PKVY)<br>ix. പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന (PMKSY)<br>x. കാർഷിക യന്ത്രവൽക്കരണം-(SMAM)<br>xi. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)<br>xii. കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷുറൻസ് പദ്ധതി-(<u>**GoI**</u> supported crop insurance)<br><u>**100% കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി-**</u><br>ബയോഗ്യാസ് ആന്റ് മെനുവർ മാനേജ്മെന്റ് (<u>NBMMP</u>) |
| (ബി) | കാർഷിക മേഖലയിൽ കൂടുതൽ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കൃഷിയും അനുബന്ധ മേഖലകളുടെയും ഉൽപാദന വർദ്ധനവിനും അടിസ്ഥാന സൗകര്യവികസനത്തിനും വേണ്ടിയുള്ള പ്രോജക്ടുകളാണ് രാഷ്ട്രീയ കൃഷി വികാസ് യോജന വഴി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്നത്. ആർ.കെ.വി.വൈ യ്ക്കായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് സമർപ്പിക്കുന്ന പദ്ധതികൾ കേന്ദ്ര ധനസഹായത്തിന്റെ ലഭ്യതയനുസരിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതിനിധികൾകൂടി ഉൾപ്പെട്ട സംസ്ഥാനതല സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. |
| (സി) | ധനസഹായത്തിനായി എന്തെല്ലാം പദ്ധതികളാണ് ആർ.കെ.വി.വൈ യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | 2017-18 വർഷത്തിൽ കൃഷി അനുബന്ധ മേഖലകളിലെ ആർ.കെ.വി.വൈ പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആർ.കെ.വി.വൈ യിൽ ഉൾപ്പെടുത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | കാർഷികമേഖലയുടെ വികസനത്തിനായുള്ള സംസ്ഥാന പദ്ധതികൾ ആർ.കെ.വി.വൈ പദ്ധതിയുമായി സമന്വയിപ്പിച്ച് നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ? | (ഡി) | കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് ആർ.കെ.വി.വൈ പദ്ധതികൾ സംസ്ഥാനാവിഷ്കൃത പദ്ധതികളുമായി സമന്വയിപ്പിച്ച് നടപ്പിലാക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ